**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4158** **03-03-2023 - ൽ മറുപടിയ്ക്ക്**

**ജി.സി.ഡി.എ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ പനമ്പള്ളി നഗർ, ഗിരിനഗർ, ഗാന്ധിനഗർ, കുമാരനാശാൻ നഗർ തുടങ്ങി നിരവധി പ്രദേശങ്ങളിൽ വിവിധ സ്കീമുകളിലായി ജി.സി.ഡി.എ. ഡെവലപ്പ് ചെയ്ത് പുരയിടം എന്ന് രേഖപ്പെടുത്തി നൽകിയ ആയിരക്കണക്കിന് ഹൗസ് പ്ലോട്ടുകളുടെ റവന്യൂ രേഖകളിൽ നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിശാല കൊച്ചി വികസന അതോറിറ്റി ഏറ്റെടുത്ത ഭൂമി തരം മാറ്റി പുരയിടമായി കണക്കാക്കുന്നതിനുള്ള നടപടി സംബന്ധിച്ചുള്ള അതോറിറ്റിയുടെ അപേക്ഷ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | എങ്കിൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വസ്തു ഉടമകൾക്ക് അവരുടെ വസ്തു വകകളിൽ നിർമ്മാണ പ്രവർത്തനം നടത്തുവാനോ വസ്തു വിൽക്കുവാനോ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനോ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് ഇത്തരം ഭൂപ്രദേശങ്ങൾ ഒരുമിച്ച് റവന്യൂ രേഖകളിൽ പുരയിടം എന്നാക്കി മാറ്റുന്നതിന് ജി.സി.ഡി.എ. മുഖാന്തിരം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. വിശാല കൊച്ചി വികസന അതോറിറ്റി ഏറ്റെടുത്ത ഭൂമി തരം മാറ്റി പുരയിടമായി കണക്കാക്കുന്നതിനുള്ള നടപടി സംബന്ധിച്ചുള്ള അതോറിറ്റിയുടെ അപേക്ഷ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ